ഉത്തരം

(എ) കോയമ്പത്തൂർ സ്പോടനകേസ്സുമായി ബന്ധപ്പെട്ട് തമിഴ്നാട് പോലീസ് അറസ്റ്റ് ചെയ്ത് കോയമ്പത്തൂർ ജയിലിൽ വിചാരണതടവിൽ കഴിയുന്ന ശ്രീ. മദനിയ്ക്ക് രക്തസമ്മർദ്ദം, ഡയബറ്റീസ് തുടങ്ങിയ അസുഖങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) അന്യസംസ്ഥാനത്തുള്ള കേസായതിനാൽ ഇക്കാര്യത്തിൽ നിയമപരമായി ഇടപെടാൻ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. ശ്രീ. മദനിക്ക് ജയിലിൽ നേരത്തെ നിലവിലിരുന്ന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും രോഗ ചികിൽസക്കും മറ്റും ഉതകുന്നവിധത്തിൽ ജയിൽമോചനം ലഭ്യമാക്കുന്നതിന് കേരള സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി സൂഫിയ മദനിയിൽനിന്ന് ലഭിച്ച നിവേദനം പരിഗണനയ്ക്കായി തമിഴ്നാട് സർക്കാരിന് അയച്ചുകൊടുക്കുകയുണ്ടായി. ശ്രീ. മദനിയുടെ ആരോഗ്യസ്ഥിതി ജയിലിലെ മെഡിക്കൽ ഓഫീസർ യഥാസമയം പരിശോധിക്കാറുണ്ടെന്നും പ്രത്യേക ചികിൽസ ആവശ്യമുള്ളപക്ഷം ചികിൽസയ്ക്കായി വിവിധ ആശുപത്രികളിലേക്ക് റഫർ ചെയ്യാറുണ്ടെന്നും തമിഴ്നാട് സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ശ്രീ. മദനിക്ക് ചെന്നൈയിലെ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിഹാബിലിറ്റേഷൻ മെഡിസിനിൽ ചികിൽസ നൽകാനും, ആവശ്യമാണെങ്കിൽ ശ്രീ. മദനിയെ നേരത്തെ ചികിൽസിച്ചിരുന്ന തിരുവനന്തപുരത്തെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും ജയിൽ അധികൃതർക്ക് തമിഴ്നാട് സർക്കാർ നിർദ്ദേശം നൽകിയതായും അറിയിച്ചിട്ടുണ്ട്.

(ഡി—എഫ്) കേരളത്തിൽ നിലവിലുള്ള കേസുകളുമായി ബന്ധപ്പെട്ടല്ല ശ്രീ. അബ്ദുൾനാസർ മദനിയെ അറസ്റ്റ് ചെയ്തത്. 1998-ലെ കോയമ്പത്തൂർ ബോംബ് സ്പോടനവുമായി ബന്ധപ്പെട്ടാണ് മദനിയെ അറസ്റ്റ് ചെയ്തതും, വിചാരണ തടവുകാരനായി കോയമ്പത്തൂർ ജയിലിൽ പാർപ്പിച്ചിരിക്കുന്നതും. ശ്രീ. മദനിയുടെ ഭാര്യ സമർപ്പിച്ച ഹർജി തമിഴ്നാട് സർക്കാരിന് മേൽനടപടിക്കായി അയച്ചിട്ടുണ്ട്. അന്യ സംസ്ഥാനത്തെ വിചാരണതടവുകാരന്റെ കാര്യത്തിൽ നിയമപരമായി ഒരു നടപടിയും എടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

പി. എസ്. സി. റാങ്ക് ലിസ്റ്റ്

15 [15] ശ്രീ. പി. ജെ. ജോയി:

,, കെ. അച്ചുതൻ:

,, വർക്കല കഹാർ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി അത് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ എത്ര വർഷമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി. എസ്. സി. പ്രസിദ്ധീകരിക്കുന്ന റാങ്ക്‌ലിസ്റ്റിലെ ആളുകളുടെ എണ്ണക്കുറവുമൂലം അതിന്റെ കാലാവധിക്കുമുമ്പുതന്നെ റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേരേയും നിയമിച്ചുകഴിയുന്ന സന്ദർഭത്തിൽ പുതിയ വിജ്ഞാപനംവഴി മാത്രമാണോ നിയമനം നടത്താൻ കഴിയുക എന്ന് അറിയിക്കുമോ;

(സി) കുറച്ചുപേരെ മാത്രം റാങ്ക്‌ലിസ്റ്റിൽ ഉൾക്കൊള്ളിച്ചതുകൊണ്ട് ആ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കു ശേഷമുള്ളവരെ നിയമിക്കപ്പെടാനുള്ള അവകാശം അനുവദിച്ചുകൊടുക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ;

(ഡി) എങ്കിൽ വിശദീകരിക്കാമോ;

(ഇ) മുഴുവൻപേരേയും നിയമിക്കപ്പെടുന്ന റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെടാതെപോയ ബാക്കിയുള്ളവരിൽനിന്നും സപ്ലിമെന്ററി ലിസ്റ്റ് ഉണ്ടാക്കുന്നത് നിയമാനുസൃത മാണോ; ആണെങ്കിൽ അതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പി. എസ്. സി. റൂൾസ് ഓഫ് പ്രൊസീഡ്യർ ക്ലോസ് 13 പ്രകാരം റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ മിനിമം ഒരുവർഷവും മാക്സിമം മൂന്നുവർഷവു മാണ് പി. എസ്. സി. റാങ്ക്‌ലിസ്റ്റിന്റെ കാലാവധി.

(ബി—ഇ) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. നിയമനങ്ങൾ

16 [16] ശ്രീ. എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി. എസ്. സി. വഴി എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും വേക്കൻസികൾ റിപ്പോർട്ടുചെയ്യാത്ത വകുപ്പുകൾ ഏതൊക്കെ യാണെന്നു വെളിപ്പെടുത്താമോ;

(സി) എങ്കിൽ ഈ വകുപ്പുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പി. എസ്. സി. യിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യു വാൻ എല്ലാ വകുപ്പുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly